"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ജനറൽ സർജറി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.ശ്രീജിത്ത്.എസ്. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 386/2025-മേലുള്ള 13.06.2025-ലെ ഉത്തരവ് അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2440/2025/H&FWD തീയതി,തിരുവനന്തപുരം, 19-08-2025

---

പരാമർശം:-

1. ഡോ.ശ്രീജിത്ത്.എസ്., ജൂനിയർ കൺസൾട്ടന്റ് ആരോഗ്യ വകുപ്പ് സെക്രട്ടറി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷ (Annexure A13)
2. OA 386/2025-മേലുള്ള ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 13.06.2025-ലെ ഉത്തരവ്.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 16.07.2025-ലെ ഇബി 2-15689/2025/ആവഡ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ജനറൽ സർജറി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോശ്രീജിത്ത്.എസ്., -നെ 2025-ലെ പൊതുസ്ഥലംമാറ്റത്തിൽ എറണാകുളം കരുവേലിപ്പടി താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയിരുന്നു. ഇതിനെതിരെ അപേക്ഷകൻ ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് മുമ്പാകെ പരാമർശം (1) അപ്പീൽ അപേക്ഷ സമർപ്പിച്ചു. തിരുവനന്തപുരം ഫോർട്ട് ആശുപത്രിയിലെയും, നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെയും ജനറൽ സർജറി വിഭാഗം ജൂനിയർ കൺസൾട്ടന്റ്മാർ 3 വർഷകാലാവധി പൂർത്തിയാക്കിയിട്ടുള്ളതായി അപ്പീൽ അപേക്ഷയിൽ പറഞ്ഞിരുന്നു. തിരുവനന്തപുരം ജില്ലയിലെ ജൂനിയർ കൺസൾട്ടന്റ് (ജനറൽ സർജറി) തസ്തികയിലെ നിലവിലെ ഒഴിവുകൾ നികത്തുന്നതിനു മുൻപായി പരാമർശം (1) അപേക്ഷ പരിശോധിച്ച് 1-ാം എതിർകക്ഷി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് പരാമർശം (2) ഉത്തരവ് പ്രകാരം ബഹു:ട്രൈബ്യൂണൽ നിർദ്ദേശിച്ചിട്ടുണ്ട്.

2) തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ജനറൽ സർജറി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിൽ ജോലി ചെയ്തിരുന്ന ഡോ.നിതിൻ ഹമയൂൺ 19.06.2025-ന് ഉപരിപഠനത്തിനായി വിടുതൽ ചെയ്തിട്ടുള്ളതായും പ്രസ്തുത ഒഴിവിലേയ്ക്ക് ഡോ.ശ്രീജിത്ത്.എസ്.-നെ

പരിഗണിക്കാവുന്നതാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ജനറൽ സർജറി വിഭാഗം ജൂനിയർ കൺസൾട്ടന്റ് തസ്തികയിലെ നിലവിലെ ഒഴിവിൽ ഡോ.ശ്രീജിത്ത്.എസ്.-നെ സ്ഥലംമാറ്റി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) ബഹു:ട്രൈബ്യൂണലിന്റെ OA 386/2025-ന്മേലുള്ള പരാമർശം (2) ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), തിരുവനന്തപുരം/എറണാകുളം.
ഡോ.ശ്രീജിത്ത്.എസ്., ജൂനിയർ കൺസൾട്ടന്റ് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
കരുതൽ ഫയൽ. (എ2/292/2025-ഹെൽത്ത്)

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
സെക്ഷൻ ഓഫീസർ
Date: 19-08-2025 17:11:27

<u>മേലെഴുത്ത് നം.ഇബി2-15689/2025, ആവഡ, തിയതി:20/08/2025</u>

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Reena K J
Date: 21-08-2025 10:57:17
ആരോഗ്യവകുപ്പ് ഡയറക്ടർ